**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2258** **11-10-2021 - ൽ മറുപടിയ്ക്ക്**

**അനധികൃത അറവുശാലകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | മാനദണ്ഡവും ഗുണമേന്മയും ഉറപ്പുവരുത്താതെ ആട്, പോത്ത് തുടങ്ങി വിവിധ തരം ഇറച്ചികൾ വില്ക്കുന്ന അറവുശാലകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിലുള്ള ഇറച്ചി വ്യാപാരം സർക്കാർ നിയന്ത്രണത്തിൽ കൊണ്ടുവന്ന് ഗുണമേന്മയുള്ള ഇറച്ചി പൊതുജനങ്ങൾക്ക് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ; | (എ) | ഇക്കാര്യം ശ്രദ്ധയിൽപ്പെടുകയും, അത്തരം അറവുശാലകൾക്കെതിരെ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. ഗുണ മേന്മയുള്ള ഇറച്ചി പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണവകുപ്പിന്റെ കീഴിൽ അത്യാധുനിക അറവുശാലകൾ, മാംസവിൽപ്പനശാലകൾ, ഓൺലൈൻ വിൽപ്പന, മൊബൈൽ സെയിൽസ് വാൻ സംവിധാനം എന്നിവ ഒരുക്കിയിട്ടുണ്ട്. മൂല്യവർദ്ധിത ഇറച്ചി ഉൽപ്പന്ന സംസ്കരണ പ്ലാന്റുകൾ കമ്മീഷൻ ചെയ്യുന്നതിനും ഉദ്ദേശിക്കുന്നു. തദ്ദേശസ്വയംഭരണവകുപ്പിന് കീഴിലും ആധുനിക അറവുശാലകൾ സ്ഥാപിച്ചു വരുന്നുണ്ട്. |
| (ബി) | ഇറച്ചി വില്പന ശാലകളിൽ വിവിധതരം ഇറച്ചിയുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ നിലവിൽ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഉണ്ട്, 1996-ലെ കേരള പഞ്ചായത്ത് രാജ് സ്ലോട്ടർ ഹൗസ് ആന്റ് മീറ്റ് സ്റ്റാൾ റൂൾ പ്രകാരം ഇറച്ചിക്കടയിൽ വിൽപ്പനക്കായി സൂക്ഷിച്ചിട്ടുള്ള മാംസം പരിശോധിക്കുവാനും രോഗബാധിതമാണെന്നോ ഭക്ഷ്യയോഗ്യമല്ലെന്നോ കാണുന്നപക്ഷം പിടിച്ചെടുത്ത് നശിപ്പിക്കുവാനും വ്യവസ്ഥയുണ്ട്. ഇറച്ചി വില്പന ശാലകളിൽ ഗുണ നിലവാരമില്ലാത്ത ഇറച്ചികൾ വില്പന നടത്തുന്നത് തടയുന്നതിനായി നഗരസഭയിലെ ഹെൽത്ത് സ്ക്വാഡ് തുടർച്ചയായി പരിശോധന നടത്തുകയും രോഗമുക്തവും ആരോഗ്യമുള്ളതുമായ മാടുകളെയാണ് കശാപ്പ് ചെയ്യുന്നതെന്നും നഗരസഭകൾ ഉറപ്പു വരുത്തുകയും ചെയ്യുന്നു. കൂടാതെ ഫുഡ് സേഫ്റ്റി വിഭാഗവും പരിശോധന നടത്തുന്നു. |
| (സി) | ഇറച്ചി വെട്ടുന്നതിന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ തലത്തിൽ അറവുശാലകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | (സി) | ആധുനിക അറവുശാലകൾ സ്ഥാപിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ